*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം, ഹൗസിങ്ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം–1*

നംബർ. **ICT Cell/1771/3/DGE-HSE/2024** **01/06/2024**

# സർക്കുലർ

## പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശ്ശങ്ങൾ.

സൂചന : 1)**GO(Rt)No. 5693/08/Gl.Edn Dated Thiruvananthapuram 31/12/08.**
2)സ.ഉ(സാധാ)നം.3015/2024/പൊ.വി.വ തീയതി 08/05/2024

പിന്നോക്ക / ന്യൂനപക്ഷ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ അതത് സമുദായത്തിൽപെട്ട അപേക്ഷകരിൽ നിന്ന് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷനു വേണ്ടി അവശ്യം വേണ്ടുന്ന പബ്ലിസിറ്റി നൽകി അതത് സമുദായത്തിലുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുവാൻ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടതാണ് കമ്യൂണിറ്റി ക്വാട്ട റാങ്ക് ലിസ്റ്റ്, സെലക്ട് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്നതിന് "കമ്മ്യൂണിറ്റി ക്വാട്ട റാങ്ക് ജനറേറ്റർ" സോഫ്റ്റ് വെയർ (Paragraph 3 in Prospectus ) ലഭ്യമാക്കുന്നതാണ്. അതത് സ്കൂൾ പ്രിൻസിപ്പൽമാർ നിർദിഷ്ഠ ഷെഡ്യൂൾ പ്രകാരം പ്രത്യേക ക്ലാസ്സ് മുറിയിൽ കമ്മ്യൂണിറ്റി ക്വാട്ടയ്ക്കായി അഡ്മിഷൻ ഡെസ്ക് രൂപീകരിച്ച് പ്രവേശന നടപടികൾ ക്രമീകരിക്കേണ്ടതാണ്.

## കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ ഷെഡ്യൂൾ

**1.മുഖ്യഘട്ടം**

| | | |
|---|---|---|
| കമ്മ്യൂണിറ്റിക്വാട്ട അപേക്ഷകൾ വിതരണം ആരംഭിക്കുന്ന തീയതി | : | 03/06/2024 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി | : | 03/06/2024 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി | : | 10/06/2024 |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | 11/06/2024 |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | : | 12/06/2024 |

**2.സപ്ലിമെൻററി ഘട്ടം**

| | | |
|---|---|---|
| കമ്മ്യൂണിറ്റിക്വാട്ട അപേക്ഷകൾ വിതരണം ആരംഭിക്കുന്ന തീയതി | : | 24/06/2024 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി | : | 24/06/2024 |
| കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി | : | 26/06/2024 |
| റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | : | 27/06/2024 |
| അഡ്മിഷൻ ആരംഭിക്കുന്ന തീയതി | : | 27/06/2024 മുതൽ |
| പ്രവേശനം അവസാനിപ്പിക്കേണ്ട തീയതി | : | 01/07/2024 |

**(01/07/2024 ന് കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം പൂർത്തീകരിച്ച ശേഷം ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ പൊതുമെറിറ്റ് സീറ്റായി പരിവർത്തനം ചെയ്ത് സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള ഒഴിവിനോടൊപ്പം പ്രസിദ്ധീകരിക്കുന്നതാണ്.)**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**